11646

<u>വിവരാവകാശ നിയമം 2005</u>

<u>രജിസ്റ്റേഡ് തപാൽ കൈപ്പറ്റ് രസീത് സഹിതം</u>

From

**LIJITHA S**
**Sabitha Cottage**
**Panangode, Venganoor P O**
**Thiruvananthapuram 695 523**

THE DIRECTOR OF SOCIAL ... 07 FEB 2017

To

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**
**സാമൂഹ്യ നീതി ഡയറക്ടറേറ്റ്**
**വികാസ് ഭവൻ, തിരുവനന്തപുരം 33.**

സർ,

വിഷയം :- വിവരാവകാശ നിയമം 2005 – വിവരങ്ങൾ ആരായുന്നത് സംബന്ധിച്ച്

വിവരാവകാശ നിയമം 2005 പ്രകാരം താഴെ ചോദിക്കുന്ന ചോദ്യങ്ങൾക്ക് പൂർണ്ണവും സത്യസന്ധവുമായ മറുപടി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

1. താങ്കളുടെ വകുപ്പിനു കീഴിൽ തിരുവനന്തപുരം ജില്ലയിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ എത്ര തസ്തികകൾ നിലവിലുണ്ട്. ഇതിൽ ആസ്ഥാന തസ്തികകൾ എത്ര, ജില്ലാ തസ്തികകൾ എത്ര എന്ന് തരംതിരിച്ച് എണ്ണം നൽകുക.

2. ചോദ്യം ഒന്നിനു ഉത്തരമായി നൽകിയ തസ്തികകൾ നിലവിലുള്ള ഓഫീസുകളുടെ പേരും മേൽവിലാസവും നിലവിലുള്ള തസ്തികകളുടെ എണ്ണവും ആസ്ഥാന തസ്തികകൾക്കും ജില്ലാ തസ്തികകൾക്കും പ്രത്യേകം പ്രത്യേകം നൽകുക.

3. ചോദ്യങ്ങൾ ഒന്നിനും രണ്ടിനും ഉത്തരമായി നൽകിയ തസ്തികകളിൽ നിലവിൽ ജോലി ചെയ്തു വരുന്നവരുടെ പേര്, ജനന തീയതി, നിലവിൽ ജോലി ചെയ്യുന്ന ഓഫീസ്, തസ്തിക എന്നിവ നൽകുക

4. ടി തസ്തികകളിൽ ഏതെങ്കിലും ഒഴിഞ്ഞു കിടപ്പുണ്ടോ. എങ്കിൽ ടി ഒഴിവ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ. റിപ്പോർട്ട് ചെയ്ത കത്ത് നമ്പരും തീയതിയും നൽകുക.

5. 2017 ഡിസംബർ മാസം വരെ റിട്ടയർമെന്റ് മൂലം ഉണ്ടാകാവുന്ന എല്ലാ പ്രതീക്ഷിത ഒഴിവുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അടിയന്തിരമായി റിപ്പോർട്ട് ചെയ്യുവാൻ സർക്കാർ പരിപത്രം നൽകിയിരുന്നു. ആയതുപ്രകാരം താങ്കളുടെ വകുപ്പിൽ നിന്നും തിരുവനന്തപുരം ജില്ലയിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകൾ (ആസ്ഥാന/ജില്ലാ ഒഴിവുകൾ) കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ചെയ്ത കത്ത് നമ്പരും തീയതിയും ഒഴിവുകളുടെ എണ്ണവും നൽകുക.

6. താങ്കളുടെ ഓഫീസിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ എത്ര ഗ്രേഡ് പ്രൊമോഷൻ ഉണ്ട്. ഏതെല്ലാം.

7. സർക്കാർ ഉത്തരവ് (01.11.2016 ലെ സ.ഉ.(പി) നം. 29/2016/ഉ.ഭ.പ.വ.) പ്രകാരം വിരമിക്കൽ, ഉദ്യോഗക്കയറ്റം, മാതൃ ജില്ലയിലേക്ക് അല്ലാതെയുള്ള സ്ഥലംമാറ്റം, ഡെപ്യൂട്ടേഷൻ, ശൂന്യവേതനാവധി, മെറ്റേർണിറ്റി ലീവ്, തസ്തിക സൃഷ്ടിക്കൽ, മരണം മുഖേന ഉണ്ടാകുന്ന ലീവ്, ഉദ്യോഗം രാജിവയ്ക്കൽ, മറ്റൊരു ജോലിയിൽ പ്രവേശിക്കുന്നതിനായി വിടുതൽ ചെയ്യൽ, ലാണം (Lien) ഉള്ള ഉദ്യോഗത്തിലേക്ക് തിരികെ പോകൽ, ആസ്ഥാന ഒഴിവിലെ എൻട്രി കേഡറിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥന്, ഉദ്യോഗക്കയറ്റത്തോടൊപ്പം മാതൃ ജില്ലയിലേക്കോ മറ്റ് ജില്ലകളിലേക്കോ സ്ഥലം മാറ്റം ലഭിക്കുക തുടങ്ങിയ കാരണങ്ങൾ മുഖേന ഒഴിവുകൾ ഉണ്ടോ. ടി ഒഴിവുകൾ ഫ്രഷ് ഒഴിവുകളായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തോ. റിപ്പോർട്ട് ചെയ്ത കത്ത് നമ്പരും തീയതിയും നൽകുക.

മേൽ ഉന്നയിച്ച ചോദ്യങ്ങൾക്കുള്ള പൂർണ്ണവും സത്യസന്ധവുമായ മറുപടി വിവരാവകാശ നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ നൽകേണ്ടതാണ്. അല്ലാത്ത പക്ഷം പിഴ അടക്കമുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കുവാൻ മുഖ്യ വിവരാവകാശ കമ്മീഷണർ മുമ്പാകെ കംപ്ലയിന്റ് പെറ്റീഷൻ ഫയൽ ചെയ്യുന്നതായിരിക്കും.

വിശ്വസ്തതയോടെ

Lijitha S

ലിജിത.എസ്

തിരുവനന്തപുരം
03/02/17